LIBRARY ARCHIVES Kerala Legislative Assembly

മിശ്രവിവാഹിതർക്കുള്ള ആനുകൂല്യങ്ങൾ

151 [3205] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിശ്രവിവാഹിതർക്ക് നൽകി വരുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) മിശ്രവിവാഹിതർക്ക് നൽകി വരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മിശ്രവിവാഹിതരുടെ കുട്ടികൾക്ക് സംവരണം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതി വിഭാഗത്തിലോ പട്ടികവർഗ്ഗ വിഭാഗത്തിലോ ഉൾപ്പെടുന്നവരും വാർഷിക വരുമാനം 12,000 രൂപയിൽ കവിയാത്ത വരും ആണെങ്കിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽനിന്നും ധനസഹായമായി 10,000 രൂപ അനുവദിച്ചു നൽകുന്നുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് നൽകി വരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം ഈ വകുപ്പിന്റെ പരിഗണനയിലുണ്ട്.

(സി) മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതിയിലോ, പട്ടികവർഗ്ഗത്തിലോ പെടുന്നതായാൽ അവരുടെ കുട്ടികൾക്ക് പട്ടികജാതി/പട്ടികവർഗ്ഗത്തിന് ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിക്കുന്നുണ്ട്.

അവശകലാകാരന്മാർക്കുള്ള പെൻഷൻ

152 [3206] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശകലാകാരന്മാർക്ക് പെൻഷൻ നൽകുവാൻ ഉത്തരവായത് എന്നാണ്;

(ബി) എത്ര രൂപയാണ് പ്രതിമാസ പെൻഷനായി നിലവിൽ നൽകിവരുന്നത്;

(സി) ഈ തുക എന്നു മുതലാണ് നൽകിത്തുടങ്ങിയത്;

(ഡി) ജീവിതച്ചെലവ് വർദ്ധിച്ച ഇന്നത്തെ സാഹചര്യത്തിൽ ഈ തുക ഇവർക്ക് പര്യാപ്തമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കാലാനുസൃതമായി ഈ തുകയിൽ വർദ്ധനവ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 400 രൂപ.

(സി) 1-1-1998 മുതൽ.

(ഡി) ഉണ്ട്.

(ഇ) പരിഗണിച്ചുവരുന്നു.

നാടാർ സമുദായത്തിന്റെ സംവരണം

153 [3207] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടാർ സമുദായം പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന സമുദായമാണോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ വിഭാഗത്തിന് മതപരിഗണന കൂടാതെ കേന്ദ്രസർക്കാർ ആനുകൂല്യങ്ങളും നിയമനങ്ങളിൽ സംവരണവും ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കേരള സർക്കാർ ഈ വിഭാഗത്തിന് മതപരിഗണന കൂടാതെ സംവരണാനുകൂല്യവും മറ്റും നൽകുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നാടാർ സമുദായം ഒന്നാകെ മറ്റ് പിന്നോക്ക വിഭാഗമല്ല. ഹിന്ദു നാടാർ വിഭാഗവും എസ്.ഐ.യു.സി.-യിൽപ്പെടുന്ന നാടാർ വിഭാഗവും മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്നു.

(ബി) കേന്ദ്ര സർക്കാർ നിയമനങ്ങളിൽ പ്രസ്തുത നാടാർ വിഭാഗത്തിന് സംവരണം ലഭിക്കുന്നുണ്ട്.

(സി) സംസ്ഥാന സർക്കാർ നിയമനങ്ങളിലും പ്രസ്തുത വിഭാഗത്തിന് സംവരണാനുകൂല്യം ഇപ്പോൾ ലഭിക്കുന്നുണ്ട്.

ആദിവാസി മേഖലയിലെ മാറാരോഗങ്ങൾ

154 [3208] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ പലപ്പോഴും രോഗം പടർന്നു പിടിക്കുമ്പോൾ യഥാസമയം ചികിത്സ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് എന്തു പരിഹാര നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly